(ഡി) 1. രണ്ട് പോസ്റ്ററുകൾ അച്ചടിച്ചു.

2. 350 ബാനറുകൾ നിർമ്മിച്ചു.

3. സി.ഡിറ്റിനെക്കൊണ്ട് 25 മിനിറ്റു നീണ്ടു നിൽക്കുന്ന സർക്കാരിന്റെ നേട്ടങ്ങൾ കാണിക്കുന്ന ഒരു വീഡിയോ ഡോക്കുമെന്ററി നിർമ്മിച്ചു.

4. സി.ഡിറ്റിനെക്കൊണ്ട് 10 ഫില്ലറുകളും അഞ്ചു സ്പോട്ടുകളും നിർമ്മിച്ചു. വ്യത്യസ്ത വകുപ്പുകളുടെ നേട്ടങ്ങൾ വിവരിക്കുന്നതാണ് ഇവ.

(ഇ) തുക നല്കിയിട്ടില്ല.

പ്രചാരണ സാഹിത്യങ്ങൾ

22 (22) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എന്തെല്ലാം പ്രചാരണ സാഹിത്യങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് ;

(ബി) ഇവയ്ക്കുവേണ്ടി ആകെ എത്ര ടൺ കടലാസ് ആവശ്യമായി വന്നിട്ടുണ്ട് ; അച്ചടിക്കൂലി, കടലാസ് മറ്റു നേരിട്ടുള്ള ചിലവുകൾ, ഓവർ ഹെഡ് ചാർജ്ജസ് എന്നീയിനങ്ങളിൽ ഇവയ്ക്കുവേണ്ടി എന്തു തുക ഇതുവരെ ചെലവായിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്നും മലയാളത്തിൽ 210 പ്രചാരണ പുസ്തകങ്ങളും ഇംഗ്ലീഷിൽ 48 പ്രചാരണ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലിസ്റ്റ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.*

(ബി) ടി പ്രസിദ്ധീകരണങ്ങൾ സാധാരണയായി സർക്കാർ പ്രസുകളിലും അർദ്ധ സർക്കാർ പ്രസുകളിലുമാണ് അച്ചടിച്ചു വരുന്നത്. അതിനാൽ ഇതിലേക്കാവശ്യമായ കടലാസിന്റെയും മറ്റിനങ്ങളിലുള്ള ചെലവുകൾ പ്രത്യേകം കണക്കാക്കിയിട്ടില്ല.

നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പുറപ്പെടുവിച്ച പ്രസിദ്ധീകരണങ്ങൾ

23 (23) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭയുടെ 4-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി എന്തെല്ലാം പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിച്ചു ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയുടെ ഓരോന്നിന്റെയും എത്ര കോപ്പി വീതം അച്ചടിച്ചു ;

(സി) ഇതിന് എത്ര കടലാസ് ആവശ്യമായി വന്നു ;

(ഡി) ഇവ അച്ചടിച്ചതിന് കടലാസ് വില, അച്ചടിക്കൂലി മറ്റു ഓവർഹെഡ് ചെലവുകൾ എന്നീ ഓരോയിനത്തിലും എന്തു തുക ചെലവായി ;

(ഇ) ഇവ എവിടെയാണ് അച്ചടിച്ചത് ;

(എഫ്) ഈ മന്ത്രിസഭയുടെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പുറപ്പെടുവിച്ച ഏതെങ്കിലും പ്രസിദ്ധീകരണങ്ങളിൽ ചിലവ ഒന്നിച്ചുചേർത്ത് മറ്റൊരു പ്രസിദ്ധീകരണം ഉണ്ടാക്കിയിട്ടുണ്ടോ ?

(ജി) എങ്കിൽ ഏതെല്ലാം പ്രസിദ്ധീകരണങ്ങൾ ചേർത്താണ് ഇത് ഉണ്ടാക്കിയത്. ഇതിന്റെ എത്രകോപ്പി പുറപ്പെടുവിച്ചു ; ഇതിനു എന്തു ചെലവു വന്നു ?

ഉത്തരം

(എ & ബി) പ്രസിദ്ധീകരണങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി & ഡി) ഇതിനുമാത്രമായി വേണ്ടി വന്ന കടലാസിന്റെ വിവരം തിട്ടപ്പെടുത്തിയിട്ടില്ല.

(ഇ) മണ്ണന്തല ഗവൺമെന്റ് പ്രസ്സിലും അർദ്ധസർക്കാർ സ്ഥാപനമായ ആഡിയോവിഷ്വൽ ആന്റ് റിപ്പോഗ്രാഫിക് സെന്ററിലും.

(എഫ്) ഉണ്ട്. പ്രധാനവകുപ്പുകളുടെ നേട്ടങ്ങളുടെയും പരിപാടികളുടെയും സംഗ്രഹം ഒറ്റ പുസ്തകത്തിൽ ഇറക്കിയിട്ടുണ്ട്.

(ജി) പ്രധാന വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുക്കൊണ്ടുള്ള 25 പുസ്തങ്ങൾ ചേർത്ത് " നിറവിന്റെ നാലു വർഷം" എന്നൊരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 50,000 കോപ്പികൾ അച്ചടിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഫൈനൽ ബിൽ കിട്ടിയിട്ടില്ലാത്തതിനാൽ ചെലവ് ലഭ്യമല്ല.

ഗവൺമെന്റ് നല്കിയ പരസ്യങ്ങൾ

24 (24) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ഒട്ടാകെ എന്തു തുകയ്ക്കുള്ള പരസ്യങ്ങൾ നല്കിയിട്ടുണ്ട് ;

(ബി) ഈ പരസ്യങ്ങൾ നല്കിയത് ഏതെങ്കിലും പരസ്യകമ്പനികളോ ഏജൻസികളോ വഴിയാണോ എന്ന് വ്യക്തമാക്കുമോ ;

(സി) ആണെങ്കിൽ ഏതെല്ലാം പരസ്യകമ്പനികളോ, ഏജൻസികളോ വഴിയാണ് പരസ്യം നല്കിയതെന്നും ഓരോ പരസ്യ കമ്പനിയുടെയോ ഏജൻസികളുടെയോ ഉടമകൾ ആരെന്നു വെളിപ്പെടുത്തുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly